കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 23 | ആഗസ്റ്റ് 15 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കൃഷി വകുപ്പ് ഫാം പ്ലാൻ പദ്ധതിയുടെ മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണമാരംഭിച്ചു

4 റബ്ബർബോർഡ് ഡിജിറ്റൽ ഡയറക്ടറി പ്രകാശനം ചെയ്തു

6 ഇടുക്കി ഏലം കൃഷി മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടും: കൃഷി മന്ത്രി പി. പ്രസാദ്

# കൊപ്ര വില നയം: കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷൻ യോഗം ചേർന്നു

നാളികേരം/കൊപ്ര വിലനിർണയുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ തെക്കൻ സംസ്ഥാനങ്ങളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് കാർഷിക വില നിർണയ കമ്മീഷൻ യോഗം തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ചു.


കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കാർഷിക വില നിർണയ കമ്മീഷൻ പ്രതിനിധികളുടെ സാന്നിധ്യത്തിൽ കാർഷികോൽപാദന കമ്മീഷണർ ഡോ. ബി. അശോക് ഐ. എ. എസ്. അധ്യക്ഷനായ യോഗം കൃഷിവകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് ഉദ്ഘാടനം ചെയ്തു.

കേരളം, തമിഴ്നാട്, കർണാടക, ആന്റമാൻ നിക്കോബാർ എന്നിവിടങ്ങളിലെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. നാളികേര വികസന ബോർഡ്, CPCRI കാസർഗോഡ് എന്നിവിടങ്ങളിലെ വിദഗ്ദരുമായി നാളികേര ഉത്പാദന വിപണന മേഖലയിലെ വിവിധ പ്രശ്നങ്ങളെ കുറിച്ച് ചർച്ച നടന്നു.

അടുത്തവർഷം മുതൽ കൊപ്ര സംഭരണത്തിൽ കൂടുതൽ താങ്ങുവില അനുവദിക്കുന്നതിനോടൊപ്പം പച്ചതേങ്ങക്കും താങ്ങുവില പ്രഖ്യാപിക്കണമെന്ന് കൃഷി വകുപ്പ് മന്ത്രി യോഗത്തിൽ ആവശ്യപ്പെട്ടു.

ഇറക്കുമതി നയങ്ങളും സ്വതന്ത്ര വ്യാപാരക്കരാറുകളും തീരുമാനിക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യണം. പാം ഓയിലിൻ്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്നും സംസ്ഥാനാടിസ്ഥാനത്തിൽ വിളകൾക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്നും കൃഷിമന്ത്രി ആവശ്യപ്പെട്ടു കർഷകർക്ക് ഏറ്റവും കൂടുതൽ ഉല്പാദന ചിലവ് കേരളത്തിലാണ് കേരളത്തിൽ കർഷകരെ സഹായിക്കുവാൻ ചിലവിനനുസരിച്ച് താങ്ങുവില വർദ്ധിപ്പിക്കേണ്ടതാണ് എന്നും യോഗത്തിൽ ആവശ്യപ്പെട്ടു. കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷൻ പ്രതിനിധികളായ CACP ചെയർമാൻ വിജയ് പോൾ ശർമ്മ, അനുപം മിത്ര, ഡോ. നവീൻ പ്രകാശ് സിങ്, സംസ്ഥാന കാർഷിക വിലനിർണയ ബോർഡ് ചെയർമാൻ ഡോ പി. രാജശേഖരൻ, കൃഷിവകുപ്പ് ഡയറക്ടർ ഡോക്ടർ അദീല അബ്ദുള്ള ഐ.എ.എസ്. കൃഷി അഡിഷണൽ ഡയറക്ടർ എ ജെ സുനിൽ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.






ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത്

# പോത്താനിക്കാട് വെറ്ററിനറി ഡിസ്പെൻസറിയുടെ പുതിയ മന്ദിരം ശിലാഫലകം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി അനാഛാദനം ചെയ്തു



പോത്താനിക്കാട് വെറ്ററിനറി ഡിസ്പെൻസറിയുടെ പുതിയ മന്ദിരം ശിലാഫലകം അനാഛാദനം ചെയ്തു കൊണ്ട് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നാടിന് സമർപ്പിച്ചു. മൃഗചികിത്സ സേവനവും മൃഗാരോഗ്യവും എന്ന പദ്ധതിയിൽ 2022 ലാണ് പോത്താനിക്കാട് വെറ്ററിനറി ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് 50- ലക്ഷം രൂപ അനുവദിച്ചത്.

കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാം ഘട്ടത്തിൻ്റെയും ചർമ്മ മുഴ രോഗ പ്രതിരോധ കുത്തിവെയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും സംസ്ഥാന തല ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു.

ദേശീയ ജന്തുരോഗ പദ്ധതിയുടെ ഭാഗമായ കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാം ഘട്ടവും ചർമ്മ മുഴ രോഗ പ്രതിരോധ കുത്തിവെയ്പ്പ് രണ്ടാം ഘട്ട സംസ്ഥാന തല ഉദ്ഘാടനവും പോത്താനിക്കാട് ഫാർമേഴ്സ് ബാങ്ക് ഓഡിറ്റോറിയത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ജെ ചിഞ്ചുറാണി നിർവ്വഹിച്ചു.

പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സജി കെ വർഗീസ് അധ്യക്ഷത വഹിച്ചു.

ക്ഷീരകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്ന പദ്ധതി സർക്കാർ ഈ വർഷത്തേക്ക് ആവിഷ്കരിച്ചു വരുന്നുണ്ട് എന്നും പലിശ ഗവൺമെൻറ് നേരിട്ടടയ്ക്കുന്ന തരത്തിലാണ് പദ്ധതി ക്രമീകരിച്ചു കൊണ്ടിരിക്കുന്നത് എന്നും മന്ത്രി അറിയിച്ചു.

കൂടാതെ കേന്ദ്ര സഹായത്തോടെ സമഗ്ര ഇൻഷുറൻസ് പദ്ധതി ഉടൻ കേരളത്തിൽ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

വയനാട്ടിലെ ദുരന്തമേഖലയിലെ പശുക്കളെ നഷ്ടപ്പെട്ട ക്ഷീരകർഷകരുടെ എണ്ണം, പശുക്കളുടെ എണ്ണം, തകർന്നുപോയ തൊഴുത്തുകളുടെ എണ്ണം എന്നിവ ശേഖരിക്കുന്നു.

കേരള ഫീഡ്സ് 580 ചാക്ക് കാലിത്തീറ്റയും കെ എൽ ഡി ബോർഡ് 5 ടൺതീറ്റയും എത്തിച്ചിട്ടുണ്ട്.അയൽ ജില്ലകളിൽ നിന്നും തീറ്റകൾ സർക്കാർ ചെലവിൽ എത്തിച്ചു കൊണ്ടിരിക്കുന്നു കേരള സർക്കാരിൻറെ അഭ്യർത്ഥന മാനിച്ച് കർണാടക ഗവൺമെൻറ് ചോളത്തണ്ട് നൽകാമെന്ന് അറിയിച്ചിട്ടുണ്ട് മൂന്ന് മാസത്തേക്ക് ഉള്ള തീറ്റ ഏർപ്പാടാക്കിയിട്ടുണ്ട്. ചികിത്സയ്ക്കായി ഇന്ത്യൻ വെറ്ററിനറി അസോസിയേഷനുമായി ബന്ധപ്പെട്ടു കൊണ്ട് ഡോക്ടർമാരുടെ പത്തംഗ ടീം ദുരന്ത മേഖലയിൽ ചികിത്സ നൽകി കൊണ്ടിരിക്കുന്നു പശുക്കളെ നഷ്ടപ്പെട്ടവർക്ക് ദേശീയ ദുരന്തനിവാരണ ഫണ്ട് അനുവദിച്ചു വന്നാലുടൻ നഷ്ടപരിഹാരം നൽകുമെന്നും മന്ത്രി അറിയിച്ചു

സംസ്ഥാനത്ത് 2024 ആഗസ്റ്റ് അഞ്ചാം തീയതി മുതൽ സെപ്റ്റംബർ പതിനൊന്നാം തീയതി വരെ കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പ് അഞ്ചാം ഘട്ടവും ചർമ്മം മുഴ രണ്ടാം ഘട്ടവും നടക്കുമെന്നും കുളമ്പുരോഗ പ്രതിരോധ വാക്സിനും ചർമ്മമുഴ പ്രതിരോധ വാക്സിനും ക്ഷീര കർഷകർ കന്നുകാലിക്കൾക്ക് നൽകണമെന്നും ശ്രീമതി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കവേ അഭ്യർത്ഥിച്ചു.

പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീമതി ആശാ ജിമ്മി ഉദ്ഘാടന സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. ജില്ല മൃഗസംരക്ഷണ ഓഫീസർ ഡോ. ജി. സജികുമാർ പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ പഞ്ചായത്ത് തല പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചു,

വയനാട് ദുരന്തമേഖലയുടെ പുനരുദ്ധാരണത്തിനായി, കല്ലൂർ മേരി ലാൻഡ് പബ്ലിക് സ്കൂളിൽ പഠിക്കുന്ന യുകെജി വിദ്യാർഥിനി നിഹാരിക കുടുക്ക പൊട്ടിച്ച് 2488 രൂപയുടെ നാണയത്തുട്ടുകൾ സിഎംഡിആർഎഫിലേക്ക് നൽകാനായി മന്ത്രിക്ക് കൈമാറി

മുഖ്യ പ്രഭാഷണം ബോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് പി.എ.എം. ബഷീർ നിർവ്വഹിച്ചു., മുൻ എം എൽ എ എൽദോ എബ്രഹാം ഉഹഹാരം

നൽകി കോൺട്രാക്ടറെ ആദരിച്ചു.

ജില്ലാ പഞ്ചായത്ത് മെമ്പർ റാണിക്കുട്ടി ജോർജ്, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സാലി ഐപ്പ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപെഴ്ൺമാരായ ജിനു മാത്യു, മേരി തോമസ്, ഫിജിന അലി,വാർഡ് മെമ്പർമാരായ സുമാദാസ്, ജോസ് വർഗീസ് ബിസിനി ജിജോ, ടോമി ഏലിയാസ്, ഡോളി സജി, വിൻസൺ ഇല്ലിക്കൽ, സാബുമാധവൻ, എൻ എം ജോസഫ്എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

എൻ എ ഡി സി പി സ്റ്റേറ്റ് പ്രോജക്ട് കോഡിനേറ്റർ ഡോക്ടർ അനിത പി വി ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി വിശദീകരിച്ചു. മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ Dr അനിൽ കുമാർ, ചീഫ് വെറ്ററിനറി ഓഫീസർ Dr ബിജു ജെ ചെമ്പരത്തിഎന്നിവർ ആശംസകൾ അർപ്പിച്ചു

ഷാജി സി ജോൺ, എ കെ സിജു, ബാബു എൻ എ, വർക്കി എം സി മാറ്റത്തിൽ, ജോയ് ചെറുക്കാട്ട്, ഉണ്ണി കെ തങ്കപ്പൻ നിസാർ പാലക്കൻ, ബോബൻ ജേക്കബ്, ഇബ്രാഹിം ലൂഷാദ്, കെ വികര്യാക്കോസ്, സാബു വർഗീസ്, റഹീം പരീത്, സിജി ജോർജ്, അനിൽകുമാർ കെ ,Dr സുമിറ ഇബ്രാഹീം എന്നിവർ പ്രസംഗിച്ചു.

പോത്താനിക്കാട് വെറ്ററിനറി സർജൻ ഡോക്ടർ ജെസ്സി കെ ജോർജ് യോഗത്തിന് കൃതജ്ഞത അർപ്പിച്ചു

തുടർന്ന് മൃഗങ്ങളിലെ ആനുകാലിക രോഗങ്ങളും പ്രതിരോധ മാർഗങ്ങളും എന്ന വിഷയത്തിൽ നടന്ന സെമിനാറിന് ആനിമൽ ഇൻഫെർട്ടിലിറ്റി മാനേജ്മെൻ്റ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.ടി.ആർ.ഷേർലി നേതൃത്വം നൽകി.

# കൃഷി വകുപ്പ് ഫാം പ്ലാൻ പദ്ധതിയുടെ മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണമാരംഭിച്ചു




കൃഷി വകുപ്പ് ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി ആത്മയിലൂടെ നടപ്പിലാക്കുന്ന എഫ് പി ഒ പദ്ധതികളുടെ ഭാഗമായി പാറക്കടവ് ആലങ്ങാട് ബ്ലോക്കുകളിൽ ഉൾപ്പെട്ട 11 കൃഷിഭവനകളിലെ 220 കർഷകർ ചേർന്ന് രൂപീകരിച്ച നെടുമ്പാശ്ശേരി ആലുവ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ NAFPO Fresh എന്ന ബ്രാൻഡിൽ മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണമാരംഭിച്ചു . പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് NAFPO ഉൽപ്പന്നങ്ങളുടെ ലോഗോ പ്രകാശനവും പ്രോഡക്റ്റ് ലോഞ്ചിങ്ങും , വിൽപനയും നടന്നു. ,പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ .ടി.വി പ്രദീഷ് ന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ.മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി രമ്യ തോമസ് NAFPO Fresh ന്റെ ലോഗോ പ്രകാശനം ചെയ്തു .പാറക്കടവ് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ ജയദേവൻ എസ് വി ആദ്യ വില്പന നടത്തി.ആദ്യ ഘട്ടമായി കർഷകരിൽ നിന്ന് സംഭരിച്ച നാളികേരത്തിൽ നിന്ന് വെളിച്ചെണ്ണയും,മഞ്ഞളിൽ നിന്ന് മഞ്ഞൾപ്പൊടിയുമാണ വിപണിയിൽ ഇറക്കുന്നത് വയനാട് ദുരന്തത്തിൽ നമ്മളെ വിട്ടു പിരിഞ്ഞ സഹോദരങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് യോഗം ആരംഭിച്ച യോഗത്തിൽ . നെടുമ്പാശ്ശേരി കൃഷി അസിസ്റ്റൻറ് ഡയറക്ടർ നെടുമ്പാശ്ശേരി ശ്രീമതി പുഷ്യ രാജൻ സ്വാഗതം പറഞ്ഞു. ആത്മ എറണാകുളം പ്രോജക്ട് ഡയറക്ടർ ശ്രീമതി ശ്രീലത. ബി . FPO പദ്ധതി വിശദീകരിച്ചു. , NAFPO പ്രസിഡൻറ് ശ്രീ ടി.ജെ ജോഷി

NAFPO യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിവരിച്ചു. ആശംസകൾ അർപ്പിച്ചവർ ,ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ഷൈനി ജോർജ്, ജില്ലാ പഞ്ചായത്ത് മെമ്പർ കെ വി രവീന്ദ്രൻ പാറക്കടവ് ബ്ലോക്ക് വൈസ് പ്രസിഡൻറ് ശ്രീമതി താരാ സജീവ് പാറക്കടവ് ബ്ലോക്ക് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ വർഗീസ് സി എം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഡ്വ. ഷബീറലി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ആനി കുഞ്ഞുമോൻ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ആത്മ എറണാകുളം.ശ്രീമതി ഷൈജി കെ എം,കൃഷി അസിസ്റ്റൻറ് ഡയറക്ടർ ആലുവ ശ്രീ. പി എൻ രാജു ആത്മ ബ്ലോക്ക് ടെക്നോളജി മാനേജർമാരായ ശ്രീ ടി എൻ നിഷിൽ,ശ്രീമതി അനീഷ്യ കമാൽ സെക്രട്ടറി ബിജു പി ബാലൻ



നന്ദി രേഖപ്പെടുത്തി NAFPO സെക്രട്ടറി ശ്രീ ബിജു പി ബാലൻ നന്ദി പറഞ്ഞു. എഫ് പി ഒ യുടെ വ്യവസായ സംരംഭം ആരംഭിച്ച ഒരാഴ്ചക്കുള്ളിൽ ഉത്പന്നം ഇറക്കുവാൻ വേണ്ടി NAFPO കമ്മിറ്റിക്ക് വേണ്ടി പ്രവർത്തിച്ച പ്രസിഡന്റ് ശ്രീ ടി ജെ ജോഷി, കമ്മിറ്റി അംഗങ്ങളായ ശ്രീ എം ഐ നാസർ, ശ്രീ കെ ഡി പോളി,ശ്രീ ടി ഡി ഷാജി ഉൾപ്പെടെയുള്ള കമ്മിറ്റി അംഗങ്ങളുടെ കൂട്ടായ പ്രവർത്തനം പ്രത്യേകം അഭിനന്ദനം അർഹിക്കുന്ന നമ്മുടെ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനു തലേ ദിവസം മുതൽ ദിവസവും രാവിലെ മുതൽ വൈകിട്ട് വരെ നമ്മുടെ യൂണിറ്റിൽ സജീവമാണ്.

# റബ്ബർബോർഡ് ഡിജിറ്റൽ ഡയറക്ടറി പ്രകാശനം ചെയ്തു

റബ്ബർവ്യവസായങ്ങൾക്ക് ആവശ്യമായ രാസവസ്തുക്കൾ, യന്ത്രസംവിധാനങ്ങൾ തുടങ്ങിയവയുടെ ഇന്ത്യയിലെ നിർമ്മാതാക്കളുടെയും വിതരണക്കാരുടെയും വിശദാംശങ്ങൾ അടങ്ങിയ ഡിജിറ്റൽ ഡയറക്ടറി റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പ്രകാശനം ചെയ്തു. റബ്ബർ ബോർഡിന്റെ മാർക്കറ്റിങ് വിഭാഗം തയ്യാറാക്കിയിരിക്കുന്ന ഈ ഡയറക്ടറിയിൽ പ്രകൃതിദത്ത റബ്ബറുത്പന്ന വ്യവസായങ്ങൾക്ക് പുറമെ കൃത്രിമ റബ്ബർ, റീക്ലെയ്മ്ഡിങ് റബ്ബർ തുടങ്ങിയ വ്യവസായങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും ലഭ്യമാണ്. വിതരണക്കാരുടെയും നിർമ്മാതാക്കളുടെയും മേൽവിലാസം, പ്രവർത്തിക്കുന്ന ഇടങ്ങൾ തുടങ്ങിയവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ അടങ്ങിയിരിക്കുന്നതിനാൽ വ്യവസായരംഗത്തുള്ളവർക്ക് ബിസിനസ് ആവശ്യങ്ങൾക്കായി



റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഡയറക്ടറി പ്രകാശനം ചെയ്യുന്നു.

എവിടെ ബന്ധപ്പെടണമെന്നുള്ള വിവരങ്ങൾ ഡയറക്ടറിയുടെ സഹായത്തോടെ എളുപ്പത്തിൽ അറിയാൻ കഴിയും. റബ്ബർബോർഡിന്റെ വെബ്സൈറ്റായ www.rubberboard.org.in -ലെ ഉപ 'മെനു'വായ മാർക്കറ്റിങ് സർവ്വീസസ് -ലൂടെ ഡിജിറ്റൽ ഡയറക്ടറിയിൽ പ്രവേശിക്കാൻ കഴിയും.

# ആയുഷ് മിത്ര FPC (ഫാർമർ പ്രൊഡ്യൂസർ കമ്പനി) ഉദ്ഘാടനം നിർവഹിച്ചു

നബാർഡിന്റെ സാമ്പത്തിക സഹായത്തോടും മിത്രാ നികേതൻ KVK യുടെ സഹകരണത്തോടും കൂടി നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റ് ഓഡിറ്റോറിയത്തിൽ ആയുഷ് മിത്ര FPC കമ്പനിയുടെ ഉദ്ഘാടനം മാനേജിങ് ഡയറക്ടർ ആയുഷ് മിത്ര FPC ഉണ്ണികൃഷ്ണൻ ബിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നബാർഡ് CGM ബൈജു എൻ കുറുപ്പ് 08.08.2024 ന് ഭദ്രദീപം കൊളുത്തി നിർവഹിച്ചു.




300 ഓളം കർഷകർ ആണ് ചടങ്ങിൽ പങ്കെടുത്തത്. വാഴ പച്ചക്കറി സൂക്ഷ്മ മൂലകങ്ങളുട്ടായ അയർ 1200 kg ചടങ്ങിൽ പങ്കെടുത്ത കർഷകർക്ക് വിതരണം ചെയ്തു. മിത്രാ നികേതൻ ജോയിൻ ഡയറക്ടർ ഡോ. രഘുരാമദാസ് മുഖ്യപ്രഭാഷണവും, ഷെയർ സർട്ടിഫിക്കറ്റ് വിതരണവും നടത്തി.

കിസാൻ സമൃധി ബ്രാൻഡിലുള്ള ഗന്ധഗയുടെ വിവിധ ഉൽപന്നങ്ങളുടെ പ്രകാശനം ശ്രീറോണി രാജു ((DDO NABARD)നിർവ്വഹിച്ചു. ശ്രീമതി എ ഫാത്തിമ (നെടുമങ്ങാട് വാർഡ് കൗൺസിലർ) ശ്രീമതി സിന്ധു കെ എസ് (മാർക്കറ്റ് സെക്രട്ടറി), അനിൽ കുമാർ എസ് ജി (റിട്ട: കൃഷി ജോയിൻറ്റ് director, കാർഷിക മൊത്ത വ്യപാര വിപണി മുൻ സിക്രട്ടറി), ഡോ. ബിനു ജോൺ സാം (kvk മിത്ര നികേതൻ മേധാവി), എന്നിവർ ആശംസകൾ അറിയിച്ചു

# കേരള കാർഷിക സർവകലാശാല അഗ്രികൾച്ചറൽ ഇക്കണോമിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നെൽകൃഷിയുടെ വികസനത്തിൽ വിലയുടെയും വിലയേതര ഘടകങ്ങളുടെയും പ്രാധാന്യത്തെ പറ്റി സെമിനാർ സംഘടിപ്പിച്ചു

കേരള കാർഷിക സർവകലാശാല അഗ്രികൾച്ചറൽ ഇക്കണോമിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നെൽകൃഷിയുടെ വികസനത്തിൽ വിലയുടെയും വിലയേതര ഘടകങ്ങളുടെയും പ്രാധാന്യത്തെ പറ്റി സെമിനാർ സംഘടിപ്പിച്ചു. ജപ്പാൻ ഹിറ്റൊത് സുഭാഷി യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക്സിലെ ശാസ്ത്രജ്ഞരായ ഡോ.തകാഷി കുറസാക്കിയും ദീപക് ജോൺസണും മുഖ്യ പ്രഭാഷണം നടത്തി. കേരളത്തിലെ നെൽകൃഷിയുടെ ഉന്നമനത്തിനായിട്ടുള്ള നയ രൂപീകരണത്തിന് ഉതകുന്നതായിരുന്നു ചർച്ച.

കാർഷിക കോളേജ് അഗ്രോണമി വകുപ്പ് മേധാവി ഡോ. പ്രമീള തൻറെ സ്വാഗത പ്രസംഗത്തിൽ കേരളത്തിൻറെ നെൽകൃഷിയിൽ വിലയും അനുബന്ധ ഘടകങ്ങൾക്കുമുള്ള പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളുമാണ് കേരളത്തിലെ നെൽകൃഷി നേരിടുന്ന വെല്ലുവിളി എന്ന സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. മധു സുബ്രഹ്മണ്യം പറഞ്ഞു. മുഖ്യപ്രഭാഷകരായ ഡോ.തകാഷി കുറസാക്കിയും ദീപക് ജോൺസണും കേരളത്തിലെയും വിയറ്റ്നാമിലെയും നെൽകൃഷിയെ താരതമ്യം ചെയ്തു നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ അവതരിപ്പിച്ചു. കാർഷിക സർവകലാശാലയിലെ നെൽകൃഷി ഗവേഷണ വിദഗ്ധരും വിദ്യാർത്ഥികളും ചർച്ചയിൽ പങ്കെടുത്തു. നെൽകൃഷിയുടെ ഉന്നമനത്തിനായി തുടർന്നുള്ള ഗവേഷണത്തിന്റെയും നയരൂപീകരണത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്നതായിരുന്നു ചർച്ച. അഗ്രികൾച്ചറൽ എക്കണോമിക്സ് വകുപ്പ് മേധാവി ഡോ.പ്രേമ ചടങ്ങിൽ നന്ദി പറഞ്ഞു.



# ഇടുക്കി ഏലം കൃഷി മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടും: കൃഷി മന്ത്രി പി. പ്രസാദ്



ഉഷ്ണതരംഗം ഇടുക്കിയിലെ ഏലം കൃഷി മേഖലയിൽ സൃഷ്ടിച്ച കൃഷിനാശം വളരെ വലുതാണ്. വരൾച്ച മൂലം കേരളത്തിലുണ്ടായ കൃഷിനാശവും കർഷകർക്കുണ്ടായ ദുരിതവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ഒരു പ്രത്യേക പാക്കേജ് അനുവദിച്ച് ഏലം കർഷകരുടെ പ്രതിസന്ധിയിൽ അടിയന്തിര ഇടപെടൽ നടത്തുവാനും കേന്ദ്ര കൃഷിമന്ത്രിയുമായി ഒരു കൂടിക്കാഴ്ച്ച നടത്തുമെന്ന് നിയമസഭയിൽ കൃഷി മന്ത്രി പറഞ്ഞു. ഇടുക്കി ജില്ലയിലെ ഏലം കർഷകർക്ക് വരൾച്ച കാരണമുണ്ടായ ദുരിതം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് സമർപ്പിച്ച ശ്രീ വാഴൂർ സോമൻ എം എൽ എ ഉന്നയിച്ച സബ്മിഷൻ നോട്ടീസിന്മേലുള്ള മറുപടി പറയുകയായിരുന്നു അദ്ദേഹം.

ബ്ലോക്കടിസ്ഥാനത്തിൽ വിദഗ്ധ സംഘം ഇടുക്കിയിലെ എല്ലാ ബ്ലോക്കുകളിലും സ്ഥലപരിശോധന നടത്തുകയും, അതാത് പ്രദേശങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ തോത് തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിലുണ്ടായ നഷ്ടം നേരിട്ടുകണ്ടു മനസ്സിലാക്കുവാൻ കൃഷി വകുപ്പ് മന്ത്രിയും ജലസേചന വകുപ്പ് മന്ത്രിയും ഉൾപ്പെടുന്ന സംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തിരുന്നു. സ്ഥല പരിശോധന പ്രകാരം ഇടുക്കിയിൽ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ 2024-ൽ വരൾച്ച ബാധിച്ച് 15731 ഹെക്ടർ സ്ഥലത്തെ ഏലം കൃഷി പൂർണ്ണമായും 14789 ഹെക്ടറിലെ കൃഷി ഭാഗികമായും നശിച്ചു. 22311 കർഷകരുടെ കൃഷിയ്ക്കാണ് നാശ നഷ്ടം നേരിട്ടത്. 113.54 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടവും 57.2 കോടി രൂപയുടെ പരോക്ഷ നഷ്ടവും ഉൾപ്പടെ 170.74 കോടി രൂപയുടെ നഷ്ടമാണ് ഇതിലൂടെ കണക്കാക്കിയിരിക്കുന്നത്. കൃഷിനാശം കൂടാതെ ഉല്പാദനത്തിലും കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് ജില്ലാതല റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇടുക്കിയിലെ കൃഷി നാശവുമായി ബന്ധപ്പെട്ട് ജൂലൈ 3 ന് മുഖ്യമന്ത്രി വിളിച്ച് ചേർത്ത ഉന്നതതല യോഗത്തിൽ, ഇടുക്കിയിലെ ഏലം കൃഷി മേഖലയിൽ വ്യാപകമായി ഉണ്ടായ നാശനഷ്ടത്തിന് അടിയന്തിര സഹായം ലഭ്യമാക്കുന്നതിന് SDMA ഫണ്ടിൽ നിന്നും ലഭ്യമായ തുക വകയിരുത്തുന്നതിനും NDRF ഫണ്ടിൽ നിന്നും 10 കോടി ആവശ്യപ്പെടാനും തീരുമാനിച്ചിട്ടുണ്ട്. കർഷകർ വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് പലിശ ഇളവോടെയുള്ള മോറട്ടോറിയം അനുവദിക്കണമെന്ന് സംസ്ഥാന തല ബാങ്കിംഗ് കമ്മറ്റിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ പട്ടയം ലഭിക്കാത്തതും തർക്കമില്ലാത്തതുമായ ഭൂമികളിലെ ഏലം ഉൾപ്പെടെയുള്ള ദീർഘകാല വിളകൾക്കു കൂടി പ്രകൃതിക്ഷോഭം കാരണമുള്ള കൃഷിനാശത്തിന്റെ ആനുകൂല്യം ലഭ്യമാക്കുവാനുള്ള ഉത്ത

രവ് നൽകി കഴിഞ്ഞു. ഈ വിഭാഗം കർഷകർക്ക് കൂടി നഷ്ടപരിഹാരം ലഭ്യമാകുവാൻ ഉതകുമാറ് എയിംസ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി 31/7/2024 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്, മന്ത്രി കൂട്ടിച്ചേർത്തു.

ഏലം കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾ വഴി ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യമായി ഒരു വർഷത്തേക്ക് ഹെക്ടറിന് 1500 രൂപയും, മൂന്നു വർഷത്തേക്ക് 3750 രൂപയും ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു ഹെക്ടർ ഒന്നിന് 60000 രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്. ഏലം കർഷകർക്കുള്ള എല്ലാ പിന്തുണയും സ്പൈസസ് ബോർഡ് രൂപവത്കരിച്ചതിന് ശേഷം ബോർഡിൽ നിക്ഷിപ്തമാണ്. കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങൾ മൂലം സ്പൈസസ് ബോർഡിന്റെ ഇടപെടൽ ഇപ്പോൾ കാര്യക്ഷമമല്ല. പുനഃ കൃഷിക്ക് സഹായം, ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സഹായം, ചെറുകിട ഏലം കർഷകർക്കായി കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ്, ജലലഭ്യത ഉറപ്പാക്കുവാനുള്ള പദ്ധതികൾ, വിളവെടുപ്പാനന്തര ആവശ്യങ്ങൾക്കായുള്ള യന്ത്രങ്ങൾ/ഉപകരണങ്ങൾ, ഉത്തമ കാർഷിക മുറകൾക്കുള്ള പ്ലോട്ടുകൾ, പ്രാഥമിക സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനായി ധനസഹായം നൽകേണ്ടത് ബോർഡാണ്. ഈ പിന്തുണ കൃത്യമായി ബോർഡിൽ നിന്നും ലഭിക്കുന്നതിനായി സർക്കാർ ഇടപെടൽ ഉണ്ടാകും.

ഏലം കർഷകർക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയുള്ള പിന്തുണ വർദ്ധിപ്പിക്കുവാൻ സാദ്ധ്യമാകും വിധം ജനകീയാസൂത്രണ മാർഗ്ഗരേഖയിൽ ഏലം കർഷകർക്കുള്ള വിവിധ സഹായങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധനയിലാണ്. കൂടാതെ കേരളാ കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർദ്ധിത ശൃംഖലാ നവീകരണ പദ്ധതി (കേര) യിലൂടെ ഏല കൃഷിയുടെ പ്രോത്സാഹനത്തിനായി തുക വകയിരുത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് മന്ത്രി പറഞ്ഞു.

# കൂർക്കകൃഷി

**ഡോ. ടി. പ്രദീപ് കുമാർ, ഡോ. പ്രശാന്ത് കെ.**
കേരള കാർഷിക സർവകലാശാല



കിഴങ്ങുവർഗത്തിൽപെട്ട ഒരു ഭക്ഷ്യവിളയാണ് കൂർക്ക. ചൈനീസ് പൊട്ടറ്റോ എന്നും അറിയപ്പെടുന്ന കൂർക്ക മലയാളിക്ക് ഏറെ പ്രിയങ്കരമാണ്. പാചകം ചെയ്താൽ വളരെ സ്വാദിഷ്ടവും അതിലുപരി പോഷക സമൃദ്ധവുമാണ് കൂർക്ക. അന്നജവും മാംസ്യവും ധാതുക്കളും പഞ്ചസാരയും വിവിധ ഫ്ലേവനോയിഡുകളും ഇതിലടങ്ങിയിട്ടുണ്ട്. ഉഷ്ണമേഖലാപ്രദേശങ്ങളിലും മിത ശീതോഷ്ണ പ്രദേശങ്ങളിലും കൂർക്ക നന്നായിവളരും. കേരളത്തിൻ്റെ ഭൂപ്രകൃതി അനുസരിച്ച് കൃഷിക്ക് അനുയോജ്യമായ ഒരു കിഴങ്ങു വർഗവിളയാണ് കൂർക്ക. കേരളത്തിൽ പ്രധാനമായും മധ്യകേരളത്തിൽ ഒരു പ്രധാന മഴക്കാല കിഴങ്ങുവർഗ്ഗവിളക്കൂടിയാണ് കൂർക്ക. തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് കൂർക്കകൃഷി കൂടുതൽ വ്യാപകമായി കാണുന്നത്.

## കൃഷിക്കാലം

ഏറ്റവും ലളിതവും ചെലവുകുറഞ്ഞതുമായ കൃഷിയാണ് കൂർക്കയുടേത്. കേരളത്തിൽ ജൂലൈ മുതൽ ഒക്ടോബർ വരെയാണ് കൂർക്ക കൃഷി ചെയ്യാൻ ഏറ്റവും അനുയോജ്യമായ

സമയം.

## ഇനങ്ങൾ

കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ നിധി, സുഫല, തിരുവനന്തപുരം കിഴങ്ങുവിളഗവേഷണകേന്ദ്രം വികസിപ്പിച്ച ശ്രീധര, എന്നിവ നല്ല ഉൽപ്പാദന ക്ഷമതയുള്ള ഇനങ്ങളാണ്.

## നഴ്സ്സറി

വാണിജ്യാടിസ്ഥാനത്തിൽ കൂർക്ക കൃഷിക്കായി കൂർക്ക തലപ്പുകളാണ് നടീൽ വസ്തുവായി ഉപയോഗിക്കുന്നത്. ഇതിനായി ഏപ്രിൽ മാസാവസാനത്തോടുകൂടി കൃഷിപ്പണികൾ തുടങ്ങുന്നു. മണ്ണിളക്കി വാരങ്ങളെടുത്ത് ഇതിൽ കിഴങ്ങുകൾ നടുന്നു. ഇങ്ങനെ ഒരു  ഏക്കർ സ്ഥലത്തേയ്ക്ക് നടുന്നതിനാവശ്യമായ തലകൾ/തണ്ടുകൾ ലഭിക്കുന്നതിനായി ഏകദേശം 70  മുതൽ 80 കിലോ കിഴങ്ങ് നഴ്സ്സറിയിലേക്ക് വേണ്ടിവരും. തയ്യാറാക്കിയ വാരങ്ങളിൽ ഒരു ചാൺ അകലത്തിൽ കിഴങ്ങുകൾ നടാം. ആവശ്യാനുസാരം നനച്ചുകൊണ്ട് നഴ്സറി പരിപാലിക്കേണ്ടതാണ്. ഏകദേശം മൂന്നാഴ്ചകൾക്കു ശേഷം കൂർക്കത്തലകൾ പാകമാകുന്നു. 10 മുതൽ 15 സെന്റീമീറ്റർ നീളത്തിലുള്ള തലപ്പുകൾ പ്രധാന കൃഷിയിടത്തിൽ നടുന്നതിനുവേണ്ടി മുറിച്ചെടുക്കാം.

## കൃഷി രീതി

മണൽ കലർന്ന നല്ല നീർവാർച്ചയുള്ള പശിമരാശി മണ്ണാണ് കൂർക്ക കൃഷിക്കനിയോജ്യം. കരഭൂമിയിലും നെൽപ്പാടങ്ങളും കൃഷിചെയ്യാം. കൃഷി ചെയ്യാനുള്ള ഭൂമി നന്നായി കിളച്ചൊരുക്കി കട്ടകൾ നീക്കി 90 സെന്റീമീറ്റർ വീതിയും 20 സെന്റീമീറ്റർ ഉയരവുമുള്ള വാരങ്ങൾ എടുത്ത് ഇതിൽ അടിവളമായി ഏക്കറിന് 4 ടൺ ജൈവവളവും 26 കിലോ യൂറിയ, 132 കിലോ രാജ്ഫോസ്, 40 കിലോ പൊട്ടാഷ് വളവും അടിവളമായി ചേർത്തുകൊണ്ട് കൂർക്ക തലകൾ നടാം. അമ്ളാംശം കൂടുതലുള്ള മണ്ണിൽ വളപ്രയോഗത്തിന് രണ്ടാഴ്ച്ചമുൻപായി ഏക്കറിന് 100 കിലോ മുതൽ 250 കിലോ വരെ കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് ചേർത്തുകൊടുക്കണം. കൂർക്ക തലകൾ 30 സെന്റീമീറ്റർ അകലത്തിൽ തടങ്ങളിൽ കിടത്തി നടുന്നു. നട്ട് 45 ദിവസത്തിനുശേഷം, കളകൾ നീക്കം ചെയ്യുകയും മേൽവളമായി  26 കിലോ യൂറിയയും 40





കിലോ പൊട്ടാഷ് വളവും ചേർത്ത് മണ്ണുകയറ്റി കൊടുക്കണം.

ഗ്രോ ബാഗിലും ചട്ടിയിലും കൂർക്ക നല്ല വിളവ് നൽകുന്നു. ഇതിനായി നടീൽ മിശ്രിതത്തോടൊപ്പം ആവശ്യത്തിനു ജൈവവളക്കൂട്ടുകൂടി ചേർത്തുകൊണ്ട് ഗ്രോബാഗിൽ കൂർക്ക തലകൾ നടാം. ഉണങ്ങിയ ചാണകപ്പൊടി (10 കിലോ), വേപ്പിൻ പിണ്ണാക്ക് (1 കിലോ), രാജ്ഫോസ് (1 കിലോ), ചാരം (1 കിലോ) എന്നിവ കലർത്തി വളക്കൂട്ട് ഉണ്ടാക്കാം. നട്ട് ഒരുമാസം കഴിഞ്ഞുവീണ്ടും ജൈവവളം ചേർത്തുകൊടുക്കേണ്ടതാണ്

## വിളവെടുപ്പ്

അഞ്ചു മാസം കൊണ്ട് കൂർക്ക വിളവെടുപ്പിനു പാകമാകുന്നു. വള്ളികൾ മഞ്ഞളിച്ച് ഉണങ്ങിത്തുടങ്ങുന്നതാണ് കൂർക്ക വിളവെടുക്കാൻ പാകമായതിന്റെ ലക്ഷണം. കിഴങ്ങുകൾക്ക് ക്ഷതമേൽക്കാതെ മണ്ണ് കിളച്ച് കൂർക്ക വിളവെടുക്കാം.

## കീട-രോഗ നിയന്ത്രണം

ലേസ് വിങ്ങ് ചാഴി, ഇലചുരുട്ടി പുഴുക്കൾ, തണ്ട് തുരപ്പൻപുഴു എന്നീ കീടങ്ങളുടെ ആക്രമണങ്ങൾ കാണാറുണ്ട്. ചാഴികൾ ഇലകളിൽ നിന്നും നീരൂറ്റിക്കുടിക്കുകവഴി  ഇലകൾ ചുരുണ്ട് ഉണങ്ങി ക്രമേണ കൊഴിഞ്ഞുപോകുന്നു. ഇല ചുരുട്ടിപുഴുക്കൾ ഇലകൾ ചുരുട്ടി അതിനുള്ളിൽ ഇരുന്ന് ഇലകൾ തിന്നുനശിപ്പിക്കുന്നു. തണ്ടുതുരപ്പൻ പുഴുക്കൾ  ചെടിയുടെ ഇളം തണ്ടു തുരന്ന് അകത്ത് തുരങ്കങ്ങൾ ഉണ്ടാക്കി ഉള്ളിൽ ജീവിക്കുന്നു. കീടബാധയേറ്റ ചെടിയുടെ ഇലകൾ മഞ്ഞളിച്ച് ഉണങ്ങുന്നു. ഇളം കൂമ്പുകൾ ഉണങ്ങുകയും തണ്ടുകൾക്കു വശങ്ങളിൽ കീറലുകൾ ഉണ്ടാകും. വേരുകളെയും ഈ കീടം  ബാധിക്കും. കൂർക്കയിൽ ഇത്തരം കീടാക്രമണം നിയന്ത്രിക്കുന്നതിനായി വേപ്പെണ്ണ എമൽഷൻ (20 മില്ലി വേപ്പെണ്ണ + 20 ഗ്രാം വെളുത്തുള്ളി + 5 ഗ്രാം ബാർ സോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക.

കൂർക്കയിൽ പ്രധാനമായും കാണുന്ന രോഗങ്ങൾ തൈ വാട്ടവും ഇലപുള്ളി രോഗവുമാണ്. തൈവാട്ട രോഗം ബാധിച്ച തൈകൾ കടഭാഗം അഴുകി ചീഞ്ഞു നശിച്ചുപോകുന്നു. ഇലപുള്ളി രോഗലക്ഷണമായി ഇലകളിൽ വൃത്താകൃതിയിലുള്ള തവിട്ടു പുള്ളികൾ കണ്ടു തുടങ്ങുന്നു. പുള്ളികൾ പിന്നീട് വലുതായി ഇല മൊത്തമായി കരിഞ്ഞുണങ്ങുന്നു. കൂർക്കയിലെ ഇത്തരം കുമിൾ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച സസ്യങ്ങളെ  നശിപ്പിച്ചശേഷം കോപ്പർ ഓക്സിക്ലോറൈഡ് 50 WP (2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) എന്ന കുമിൾ നാശിനി തളിച്ചുകൊടുക്കുക.

കൂർക്കയെ  ആക്രമിക്കുന്ന മറ്റൊരു പ്രധാന കീടമാണ് നിമാവിരകൾ. ചെറു തൈകളുടെ വേരിലൂടെ ചെടിയുടെ വേരിൻ്റെ അകത്തേക്ക് കടക്കുന്ന നിമാവിരകൾ ചെടിയുടെ വേരുകളിൽ മുഴകളും വ്രണങ്ങളും ഉണ്ടാക്കുന്നു. ഇതിന്റെ ഫലമായി വേരുകളുടെ വളർച്ച മുരടിക്കുന്നു. ചെടികൾക്ക് വിളർച്ചയും വാട്ടവും ഉണ്ടാവുന്നു. ഇവയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി നിമ വിര ആക്രമണം ഇല്ലാത്ത തോട്ടങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിക്കുക. വേനൽക്കാലത്ത് കൃഷിസ്ഥലം ആഴത്തിൽ കിളച്ച് സൂര്യതാപീകരണത്തിനു വിധേയമാക്കുക. നിമാവിരകളുടെ അക്രമണം കുറയ്ക്കുന്നതിനായി ഒരു കെണിവിളയായി മധുരക്കിഴങ്ങ് കൃഷിചെയ്യാവുന്നതാണ്. വിളയുടെ അവശിഷ്ടങ്ങൾ വേരോടെ പിഴുത് കത്തിച്ചുകളയുക.

നടീൽ വസ്തുക്കൾ വെള്ളാനിക്കര പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ ലഭ്യമാണ്. Contact no. 9188248481

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh